# കേരള സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷൻ

കെ.പി.എഫ്.സി ഭവനം, സി.വി രാമൻപിള്ള റോഡ്,
വെള്ളയമ്പലം, തിരുവനന്തപുരം, കേരള, പിൻ- 695 010
ഫോൺ:0471 2735544, ഫാക്സ്: 0471 2735599,
വെബ്സൈറ്റ്: www.erckerala.org ഇ-മെയിൽ: kserc@erckerala.org


തീയതി :08.04.2021

## പത്രക്കുറിപ്പ്

കേരള സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷൻ, കേരള സംസ്ഥാന വൈദ്യുതി ബോർഡ് ലിമിറ്റഡിന്റെ, ഉത്പാദന (ജനറേഷൻ) വിഭാഗത്തിൽ 2018-19 മുതൽ 2021-22 വരെയുള്ള കാലയളവിൽ നടപ്പിലാക്കാനുദ്ദേശിക്കുന്ന വിവിധ പദ്ധതികൾ അംഗീകരിക്കുന്നതിനായുള്ള പെറ്റീഷന്മേലുള്ള പൊതുതെളിവെടുപ്പ് 19.04.2021 തീയതി രാവിലെ 11:00 മണിയ്ക്ക് കോഴിക്കോട് ഹോട്ടൽ ന്യൂ നളന്ദയിൽവച്ചും 10.05.2021ന് രാവിലെ 11:00 മണിയ്ക്ക് എറണാകുളം കളമശ്ശേരി പത്തടിപ്പാലം പി.ഡബ്ള്യൂ.ഡി റെസ്റ്റ്ഹൗസിൽ വച്ചും നടത്തുന്നതാണ്. പ്രസ്തുത പൊതുതെളിവെടുപ്പിൽ പങ്കെടുക്കാൻ താല്പര്യമുള്ളവർ യഥാക്രമം 16.04.2021നും, 07.05.2021നും ഉച്ചയ്ക്ക് 12 മണിക്കു മുൻപായി കത്തു മുഖേനയോ, ഇ-മെയിൽ (kserc@erckerala.org) മുഖാന്തിരമോ പങ്കെടുക്കാനാഗ്രഹിക്കുന്നവരുടെ പേരും വിശദവിവരങ്ങളും ഫോൺ നമ്പർ സഹിതം സെക്രട്ടറിയെ അറിയിക്കേണ്ടതാണ്. ടി പൊതുതെളിവെടുപ്പ് കൃത്യമായും കോവിഡ് പ്രോട്ടോക്കോൾ പാലിച്ചായിരിക്കും നടത്തപ്പെടുന്നത്. ടി തെളിവെടുപ്പിൽ പങ്കെടുക്കുന്ന എല്ലാവരും മാസ്ക്ക് ധരിച്ച് എത്തുകയും കൃത്യമായ സാമൂഹിക അകലം പാലിക്കുകയും ചെയ്യണമെന്ന് താല്പര്യപ്പെടുന്നു. കൂടാതെ തപാൽ മുഖേനയും ഇ-മെയിൽ മുഖേനയും പൊതുജനങ്ങൾക്ക് അഭിപ്രായങ്ങൾ രേഖപ്പെടുത്താവുന്നതാണ്. തപാൽ മുഖേന അഭിപ്രായങ്ങൾ അയയ്ക്കുന്നവർ സെക്രട്ടറി, കേരള സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ, കെ.പി.എഫ്.സി ഭവനം, സി.വി. രാമൻപിള്ള റോഡ്, വെള്ളയമ്പലം, തിരുവനന്തപുരം 695 010 എന്ന വിലാസത്തിൽ 10.05.2021 ന് മുമ്പായി കിട്ടത്തക്കവിധം അയയ്ക്കേണ്ടതാണ്.

സെക്രട്ടറി-ഇൻ-ചാർജ്ജ്